

ഓം നമഃ സ്കന്ദായ പരമാത്മനേ
ശ്രീ നാരായണ സുദർശന സമാജം
ശ്രീ ഭദ്രാചല സുബ്രഹ്മണ്യക്ഷേത്രം എടമുട്ടം
രജി.നമ്പർ 517 /2002, ഫോൺ : 0480 2836604, 8089793369, 8943836604
Email: snssamajamedm@gmail.com, Website: www.subrahmanyatempleedm.com
സ്വാമിക്ക്
പൂമൂടൽ
2026 ആഗസ്റ്റ് 16 (1201 കർക്കിടകം 31) ഞായറാഴ്ച

ക്ഷേത്രം തന്ത്രികൾ



ബ്രഹ്മശ്രീ നാരായണൻകുട്ടി തന്ത്രികൾ

ക്ഷേത്രം മേൽശാന്തി



പ്രജീഷ് ശാന്തി

ക്ഷേത്രം ജ്യോത്സ്യർ



മധുശക്തിധരപണിക്കർ

സാന്നിദ്ധ്യം



ശ്രീമദ് സ്വാമി ബ്രഹ്മസ്വരൂപാനന്ദ
മഠാധിപതി ശ്രീഗുരു നാരായണാശ്രമം
അമരിപ്പാടം

ആദ്യ പുഷ്പവട്ടിസമർപ്പണം



അഡ്വ. എ.യു. രഘുരാമൻ പണിക്കർ
ആവണങ്ങാട്ടു കളരി

പ്രിയ ഭക്തരേ,

മദ്ധ്യകേരളത്തിലെ ഏറ്റവും വലിയ സുബ്രഹ്മണ്യ പ്രതിഷ്ഠയുള്ള എസ്.എൻ.എസ്. സമാജം എടമുട്ടം ശ്രീ ഭദ്രാചല സുബ്രഹ്മണ്യക്ഷേത്രത്തിൽ പരമപാവന വഴിപാടായ "പൂമൂടൽ" 2026 ആഗസ്റ്റ് 16 ഞായറാഴ്ച വൈകീട്ട് 5 മണിക്ക് **ശ്രീമദ് ബ്രഹ്മസ്വരൂപാനന്ദ സ്വാമിയുടെ (മഠാധിപതി ശ്രീ ഗുരുനാരായണാശ്രമം അമരിപ്പാടം) സാന്നിധ്യത്തിൽ അഡ്വ. എ.യു. രഘുരാമൻ പണിക്കർ (ആവണങ്ങാട്ടു കളരി ) ആദ്യ പുഷ്പവട്ടി സമർപ്പിച്ച്** ഭക്തി സാന്ദ്രമായ പൂമൂടലിനു ആരംഭം കുറിക്കുന്നു.

ഭഗവാന് ഏറ്റവും പ്രിയപ്പെട്ട ഒന്നാണ് പുഷ്പാർച്ചന. സ്വാമിക്ക് പുഷ്പങ്ങളാൽ അഭിഷേകം നടത്തുന്ന അതിവിശിഷ്ടമായ വഴിപാടാണ് "പൂമൂടൽ". ഈ വിശിഷ്ട വഴിപാട് ഭക്തിയുടെ പരമോന്നത സമർപ്പണത്തിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്നു. ഭക്തൻ തന്റെ അഹങ്കാരവും പാപവാസനകളും ദൈവസന്നിധിയിൽ സമർപ്പിച്ച് നിർമ്മലമായ മനസ്സോടെ സ്വാമിയുടെ അനുഗ്രഹം പ്രാപിക്കുന്ന ആത്മീയാനുഭവമാണ് "പൂമൂടൽ". ദേവസേനാപതിയും ഭക്താഭിഷ്ട വരദായകനുമായ ശ്രീ സുബ്രഹ്മണ്യ സ്വാമി ജ്ഞാനത്തിന്റെയും ശക്തിയുടെയും വിജയത്തിന്റെയും സ്വരൂപമാണ്. പൂമൂടൽ വഴിപാട് നടത്തുന്നതിലൂടെ സ്വാമിയുടെ അനുഗ്രഹം സമൃദ്ധമായി ലഭിക്കുകയും ജീവിതത്തിലെ വിഘ്നങ്ങളും പ്രതിബന്ധങ്ങളും അകന്നുപോകുമെന്നാണ് വിശ്വാസം. ഈ വിശിഷ്ടവഴിപാട് ഭഗവാന് സമർപ്പിക്കുന്നതുമൂലം സർപ്പദോഷാദിക്ലേശങ്ങൾക്ക് ശമനം, രോഗദുരിതങ്ങളിൽ നിന്ന് ആശ്വാസം, വിദ്യാവിജയം, തൊഴിൽ അഭിവൃദ്ധി, വ്യാപരപുരോഗതി, സന്താനസൗഭാഗ്യം, വിവാഹതടസ്സ നിവൃത്തി, കുടുംബ ഐക്യം, മനഃശാന്തി, ഐശ്വര്യം, ദീർഘായുസ്സ് എന്നിവ ലഭിക്കുമെന്നാണ് അനേകം ഭക്തരുടെ അനുഭവം. പുഷ്പങ്ങൾ നൈർമല്യം ഭക്തിയുടെ സുഗന്ധമായിമാറി ഓരോ സമർപ്പണവും സ്വാമിയുടെ തിരുചരണങ്ങളിൽ അർപ്പിക്കപ്പെടുന്ന ഈ പുണ്യ മുഹൂർത്തത്തിൽ പങ്കുചേരുന്നതും ദീപാരാധനയുടെ ദിവ്യപ്രഭയിൽ പൂമൂടൽ ദർശിക്കുന്നത് മഹാപുണ്യവും വിശേഷഫലപ്രദവുമാണ്.

ഈ മഹത്തായ പൂമുടൽ ചടങ്ങിൽ ഭക്തിപൂർവ്വം പങ്കുചേർന്ന് ശ്രീ സുബ്രഹ്മണ്യസ്വാമിയുടെ അനുഗ്രഹം ഏറ്റുവാങ്ങുന്നതിന് എല്ലാ ഭക്തജനങ്ങളേയും ക്ഷേത്രസന്നിധിയിലേക്ക് സാദരം ക്ഷണിച്ചുകൊള്ളുന്നു.


പ്രസിഡന്റ്
അതുല്യഘോഷ് വെട്ടിയാട്ടിൽ
9447137747

സെക്രട്ടറി
രാജേഷ് വേളേക്കാട്ട്
9446765120

ട്രഷറർ
സുമോദ് എരണേഴത്ത്
9388099111

വൈസ് പ്രസിഡന്റ്
ജിതിൻ ചോലയിൽ
9745510226



# വഴിപാടുകൾ

**സമ്പൂർണ്ണ പൂമൂടൽ** 10000

(സർവ്വാഭിഷ്ട സിദ്ധി, അർച്ചനയ്ക്കുപയോഗിക്കുന്ന സമ്പൂർണ്ണ  മന്ത്രങ്ങളുടെയും ക്രിയകളുടെയും പൂർണ്ണഫലം)

**മഹാപുഷ്കരണ്ഡഃ** 5000

(സ്വാമിയുടെ അനുഗ്രഹത്തിനും കൃപാകടാക്ഷത്തിനും മനഃശാന്തി, കുടുംബക്ഷേമം, ദാമ്പത്യസുഖം, സന്താക്ഷേമം, വിദ്യാഭിവൃദ്ധി, തൊഴിൽ പുരോഗതി, രോഗദുരിതശമനം, ദീർഘായുസ്സ്)

**ബൃഹത് പുഷ്കരണ്ഡഃ** 3000

(സ്വാമിയുടെ അനുഗ്രഹത്തിനും കൃപാകടാക്ഷത്തിനും പാപക്ഷയത്തിനും സർപ്പദോഷശാന്തി, കുടുംബസമാധാനത്തിനും ശത്രുദോഷനിവാരണം, ആഗ്രഹസാഫല്യം, വിദ്യാവിജയം, വിഘ്ന നിവാരണം.)

**ലഘു പുഷ്കരണ്ഡഃ** 1000

(സ്വാമിയുടെ അനുഗ്രഹത്തിനും കൃപാകടാക്ഷത്തിനും ആത്മവിശ്വാസവർദ്ധനവ്, ദാമ്പത്യഭദ്രത, സന്താനലാഭം, സദ്ബുദ്ധി, പ്രതികൂല ശക്തികളുടെ ഉപദ്രവശമനം, ഗ്രഹദോഷശാന്തി, തൊഴിൽപുരോഗതി)

**സർവ്വമംഗള പൂമൂടൽ** 500

(കുടുംബ ഐശ്വര്യം , തൊഴിൽ അഭിവൃദ്ധി)

**പൂമൂടൽ** 100

(കാര്യസിദ്ധി, ആരോഗ്യമാനസിക സ്വസ്ഥത, കുടുംബക്ഷേമം)

സ്വാമിയുടെ ഇഷ്ട സ്തോത്രങ്ങളാലും വിശേഷഫലദായക മന്ത്രങ്ങളാലും അർച്ചനകൾ നടത്തി പൂജാപുഷ്പങ്ങളാൽ സ്വാമിയെ മൂടുന്നതിലൂടെ സുബ്രഹ്മണ്യസ്വാമിയുടെ അനന്തകൃപയാൽ സർവ്വമംഗളങ്ങളും ലഭിക്കുന്നു.

**പൂമൂടലിന് ശേഷം പ്രസാദകഞ്ഞി ഉണ്ടായിരിക്കുന്നതാണ്.**

പ്രസാദകഞ്ഞി വഴിപാടായി സമർപ്പിക്കുന്നത് :

**ശ്രേയസ്സ് രാമചന്ദ്രൻ ഏറാട്ട്**